ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള ഉപകരണങ്ങളുടെയും ആവശ്യമായവയുടെയും യഥാർത്ഥ വിവരശേഖരണം നടത്തുന്നതിന് ഇതോടൊപ്പമുള്ള പ്രോഫോർമയിൽ വിശദാംശങ്ങൾ നല്കേണ്ടതാണ്. ഈ വിവരങ്ങൾ തുടർന്ന് ഓഡിറ്റിലൂടെ പരിശോധിക്കപ്പെടുന്നതായിരിക്കും. പ്രോഫോർമ പൂരിപ്പിക്കുന്നതിനാവശ്യമായ പരിശീലനം താഴെ പറയുന്ന തീയതികളിലും സ്ഥലങ്ങളിലും നടത്തുന്നതാണ്. കൃത്യവും യഥാർത്ഥവുമായ വിവരങ്ങളായിരിക്കണം നല്കേണ്ടത് എന്നതിനാൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗങ്ങളിൽ നിന്ന് എസ്.ഐ.ടി.സി. മാരും എച്ച്.എസ്.ഐ.ടി.സി.മാരും കൃത്യമായി ഈ പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. സ്കൂൾ വിക്കി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ഇതോടൊപ്പം നല്കുന്നതാണ്. താഴെയുള്ള ലിങ്കുകളിൽ നിന്ന് പ്രോഫോർമ ഡൗൺലോഡ് ചെയ്ത് കോപ്പിയെടുത്ത് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതാണ്.

പ്രോഫോർമ

**കൊല്ലം**

| തീയതി | സ്ഥലം | സമയം | പങ്കെടുക്കേണ്ടുന്ന സബ്ജില്ലകൾ |
|---|---|---|---|
| 22.11.2016 | ജില്ലാ ഓഫീസ്, ഐ.ടി.സ്കൂൾ, കൊല്ലം | 10.00 am – 1.00 | കൊല്ലം |
| 22.11.2016 | ജില്ലാ ഓഫീസ്, ഐ.ടി.സ്കൂൾ, കൊല്ലം | 2 pm – 4 pm | ചാത്തന്നൂർ, കുണ്ടറ |
| 22.11.2016 | ജി. ബി. എച്ച്. എസ്. എസ് ചവറ | 2 pm – 4 pm | ചവറ, കരുനാഗപ്പള്ളി |

**കൊട്ടാരക്കര**

| തീയതി | സ്ഥലം | സമയം | പങ്കെടുക്കേണ്ടുന്ന സബ്ജില്ലകൾ |
|---|---|---|---|
| 23.11.2016 | ഐ.ടി.സെന്റർ, ഡയറ്റ് കൊട്ടാരക്കര | 10.00 am – 1.00pm | കൊട്ടാരക്കര, കുളക്കട |
| 23.11.2016 | ഐ.ടി.സെന്റർ, ഡയറ്റ് കൊട്ടാരക്കര | 2.00 pm – 4.00pm | വെളിയം, ശാസ്താംകോട്ട |

**പുനലൂർ**

| തീയതി | സ്ഥലം | സമയം | പങ്കെടുക്കേണ്ടുന്ന സബ്ജില്ലകൾ |
|---|---|---|---|
| 23.11.2016 | പുനലൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ | 10.00 am – 1.00pm | അഞ്ചൽ, ചടയമംഗലം |
| 23.11.2016 | പുനലൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ | 2.00 pm – 4.00pm | പുനലൂർ |